I ഇ.ബി. XIV - കേരള നിയമസഭ/XV-9

**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2019 ജൂൺ 17, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: സംസ്ഥാനത്ത് പച്ചക്കറിയടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് അയവ് വരുത്താൻ ക്രിയാത്മകമായ ഇടപെടൽ നടത്താൻ പരാജയപ്പെട്ട സർക്കാർ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്,

ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): ഫലപ്രദമായ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുമ്പോൾ കടത്തുകൂലിയിലുണ്ടാകുന്ന വർദ്ധനവ് ഉൽപ്പന്നങ്ങളുടെ വിലയിൽ പ്രതിഫലിക്കാതിരിക്കാനുള്ള ഇടപെടൽ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സപ്ലൈകോയ്ക്ക് 200 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകി ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോവഴി വിതരണം ചെയ്യുന്ന 14 ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പയറുവർഗ്ഗങ്ങളുൾപ്പെടെയുള്ള സാധനങ്ങളുടെയും അരിയുടെയും വില കുറച്ചിട്ടുണ്ട്. അവശ്യസാധനങ്ങളുടെ വില കുറയ്ക്കാൻ അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഗുരുതരമായ സാഹചര്യമാണ് ഈ രംഗത്തുണ്ടായിരിക്കുന്നത്. ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കാൻ സർക്കാർ

ക്രിയാത്മകമായ ഇടപെടൽ നടത്തുന്നില്ല. വിലക്കയറ്റം താങ്ങാൻ കഴിയാതെ വാങ്ങൽശേഷി നഷ്ടപ്പെട്ട സമൂഹമായി കേരളജനത മാറിയിരിക്കുകയാണ്. സപ്ലൈകോവഴി സബ്സിഡിയിനത്തിൽ വിതരണം ചെയ്യുന്ന 14 ഇനം സാധനങ്ങൾ യഥാസമയം ലഭിക്കുന്നില്ല. ധനകാര്യ വകുപ്പ് ഫണ്ട് ലഭ്യമാക്കാത്തതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച നന്മ സ്റ്റോറുകൾ നിർത്തലാക്കുകയും സപ്ലൈകോ, മാവേലിസ്റ്റോർ എന്നിവവഴി വിതരണം ചെയ്യുന്ന എണ്ണയുടെ അളവിൽ കുറവ് വരുത്തുകയും ചെയ്തിരിക്കുകയാണ്. നിർമ്മാണസാമഗ്രികൾ, കാലിത്തീറ്റ, പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ എന്നിവയുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഗവൺമെന്റ് ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ദേശീയ പൊതുവിപണിയിൽ വില കൂടിയപ്പോൾ നാഫെഡ്-ന്റെ സഹായത്തോടെ കടല, ചെറുപയർ, ഉഴുന്ന് തുടങ്ങിയ ധാന്യങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാൻ ഭക്ഷ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതിലൂടെ പൊതുവിതരണരംഗത്തെ ക്രമക്കേടുകൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോവഴിയുള്ള പഞ്ചസാര വിതരണം നിർത്തലാക്കിയിട്ടില്ല. റേഷൻകട വഴി അവശ്യസാധനങ്ങൾ നൽകാൻ തീരുമാനിക്കുകയും ആദ്യപടിയായി ശബരി ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കുപ്പിവെള്ളത്തെ എസ്സൻഷ്യൽ ആർട്ടിക്കിളിന്റെ പട്ടികയിലുൾപ്പെടുത്തി 11/- രൂപ നിരക്കിൽ നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. പൊതുവിപണിയിൽ ഇടപെടൽ നടത്തി അരിയുടെ വില 32/- രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളുണ്ടായിട്ടും വിലക്കയറ്റം പിടിച്ചുനിർത്താൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): കാർഷികോൽപ്പന്നങ്ങൾക്ക് വിലയിടിയുമ്പോൾ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ കൃഷി വകുപ്പ് കർഷകരെ സഹായിക്കുന്നുണ്ട്. ഉത്സവകാലങ്ങളിൽ കർഷകരിൽനിന്നും 10 ശതമാനത്തിലധികം വിലയ്ക്ക് ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും 1200-ഓളം ഔട്ട്ലെറ്റുകളിലൂടെ 30 ശതമാനം വിലക്കുറവിൽ വിതരണം ചെയ്യുന്നുമുണ്ട്. പഴം-പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് വഴി കുറഞ്ഞ നിരക്കിൽ കൂടുതൽ പച്ചക്കറി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വിലവർദ്ധനവ് നിയന്ത്രിക്കാനാവശ്യമായ എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) സ്വകാര്യവൽക്കരണം

ശ്രീ. എം. സ്വരാജ്: കൊച്ചിൻ ഷിപ്‌യാർഡ്, എഫ്.എ.സി.ടി., ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, എച്ച്.എൽ.എൽ. ലൈഫ് കെയർ തുടങ്ങിയ കേരളത്തിലെ കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറാൻ കേന്ദ്ര സർക്കാരിൽ

സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം പ്രസ്തുത സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം തിരിച്ചുപിടിക്കാനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനത്തെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തിലൂടെ കേന്ദ്രം സാമ്പത്തിക സമാഹരണം ലക്ഷ്യമിടുമ്പോൾ പൊതുമേഖലയിൽത്തന്നെ പ്രസ്തുത സ്ഥാപനങ്ങളെ നിലനിർത്തി മത്സരക്ഷമത ഉളവാക്കുന്നതിനും സംസ്ഥാനത്തിന്റെ വളർച്ചയും ആസ്തി, തൊഴിൽ എന്നിവയുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഓഹരികൾ വിറ്റഴിക്കൽ നടപടികളോട് സർക്കാർ ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുകയും നിയമസഭയിൽ പ്രമേയം പാസ്സാക്കുന്നതുൾപ്പെടെ നിരവധി കത്തിടപാടുകൾ മുഖ്യമന്ത്രിതലത്തിൽ നടത്തുകയും ഈ സ്ഥാപനം ഏറ്റെടുക്കുന്നതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് റിയാബിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ ഇൻസ്ട്രുമെന്റേഷൻ കേരള ലിമിറ്റഡ്

എന്ന സർക്കാർ നിയന്ത്രിത കമ്പനിയായി രൂപീകരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. ബി.എച്ച്.ഇ.എൽ.-ഇ.എം.എൽ.-ന്റെ ഓഹരി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്ന് ആസ്തി ബാദ്ധ്യത വ്യവസ്ഥകളുടെ അന്തിമ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. എഫ്.എ.സി.ടി. വക ഭൂമിയിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭൂമികൈമാറ്റം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ മുഖ്യമന്ത്രിതലത്തിൽ കത്തിടപാടുകൾ നടത്തുകയും പ്രധാനമന്ത്രിയെ സന്ദർശിച്ച് കാര്യങ്ങൾ ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യാവസായിക അഭിവൃദ്ധിയുടെ അനിവാര്യത കണക്കിലെടുത്ത് സ്വകാര്യ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതാണ്.

(2) ചിങ്ങവനം സ്പോർട്സ് ആൻഡ് റിസർച്ച് സെന്റർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മികച്ച കായികതാരങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിന് സഹായകരമായ കോട്ടയം ജില്ലയിലെ നിർദ്ദിഷ്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആൻഡ് അപ്ലൈഡ് റിസർച്ച് കേരള (ISPARK)യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. അന്തർദ്ദേശീയ രംഗത്ത് പ്രശസ്തിയാർജ്ജിച്ച സംസ്ഥാനത്തെ കായികതാരങ്ങൾക്ക്

കൂടുതൽ ജോലിസാദ്ധ്യതയും ശമ്പളവും ആവശ്യമായ പരിശീലനവും നൽകി അവരെ കേരളത്തിൽത്തന്നെ നിലനിർത്തണം. പ്രശസ്തരായ കായികതാരങ്ങളെ സൃഷ്ടിക്കാനും ഒളിമ്പിക്സ് മെഡൽ നേടത്തക്കവിധത്തിൽ പ്രാപ്തരാക്കാനും ദേശീയ-അന്തർദ്ദേശീയ നിലവാരത്തിലുള്ള ട്രെയിനിംഗ് നൽകാനും 2021-നുമുമ്പ് റിസൾട്ടുണ്ടാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കാനും നടപടിയുണ്ടാകണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കേരളത്തിലാകമാനം കളിക്കളങ്ങൾ സൃഷ്ടിച്ച് കായിക വിനോദങ്ങൾ പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് കായിക വകുപ്പ് സ്വീകരിക്കുന്നത്. സ്റ്റേഡിയങ്ങൾ, മൾട്ടി പർപ്പസ്/ജില്ലാ സ്റ്റേഡിയങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുവേണ്ടി 700 കോടി രൂപ അനുവദിച്ച് ടെണ്ടർ പ്രവൃത്തികൾ നടന്നുവരുന്നു. കുട്ടികൾക്കും യുവതീ-യുവാക്കൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് നീന്തൽക്കുളങ്ങൾ നിർമ്മിക്കുന്നതാണ്. 2020-2024-ലെ ഒളിമ്പിക്സിൽ കേരളത്തിന് സ്ഥാനം നേടുന്നതിനായി 11 പ്രത്യേക കായികയിനങ്ങൾ കണ്ടെത്തി ദേശീയ-അന്തർദ്ദേശീയ കോച്ചുകളെ നിയോഗിച്ച് പരിശീലനം നൽകുന്നതിനുപുറമെ സ്ത്രീകൾക്ക് ഫുട്ബാൾ, ക്രിക്കറ്റ് മേഖലകളിൽ പ്രത്യേക കായിക പരിശീലനവും നൽകുന്നുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ബീച്ച്

ഗെയിംസ് ആരംഭിക്കുന്നതാണ്. കോട്ടയത്തെ നാട്ടകം വില്ലേജിൽ ടെസിൽ കെമിക്കൽസിന് പാട്ടത്തിന് നൽകിയ ഭൂമി തിരികെയെടുത്ത് ആവശ്യമായ സ്ഥലം സ്പോർട്സ് കോളേജിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും സ്പോർട്സ് കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ച സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 02-02-2016-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്പോർട്സ് കോളേജിനുപകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആൻഡ് അപ്ലൈഡ് റിസർച്ച് കേരള (ISPARK) എന്ന സ്ഥാപനത്തിന് അനുമതി നൽകുകയും പ്രാരംഭഘട്ടമെന്ന നിലയിൽ ഡയറക്ടർ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ ഓരോ തസ്തികകളും രണ്ട് അസിസ്റ്റന്റ് തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്പോർട്സ് ഡയറക്ടറെ പ്രത്യേകമായി ചുമതലപ്പെടുത്തുന്നതാണ്.

## III സബ്മിഷൻ

### (1) <u>മുടക്കുഴ ഖാദി സ്പിന്നിംഗ് സെന്റർ</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ മുടക്കുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഖാദി സ്പിന്നിംഗ് സെന്റർ പുനരുജ്ജീവിപ്പിക്കാനും കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാനും

അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): 1983-ൽ പ്രവർത്തനമാരംഭിച്ച മുടക്കുഴ ഖാദി സ്പിന്നിംഗ് സെന്ററിൽ നൂൽനൂൽപ്പ് മാത്രമാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാത്തതുകൊണ്ട് തൊഴിലാളികൾ കൊഴിഞ്ഞുപോകുകയാണ്. പ്രവർത്തനമൂലധനം ലഭ്യമാക്കുന്നതിന് ഖാദി ബോർഡിന് ഫണ്ടില്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിനോട് അഭ്യർത്ഥിച്ചെങ്കിലും ലഭ്യമായില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പ്രസ്തുത യൂണിറ്റിന്റെ പുനരുജ്ജീവനത്തിന് നടപടി കൈക്കൊള്ളുന്നതാണ്.

(2) വീട് വയ്ക്കാനുള്ള അനുമതി

ശ്രീ. പുരുഷൻ കടലുണ്ടി: കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ് തൊഴിലാളികൾക്ക് സർവ്വീസ് ആനുകൂല്യമായി ലഭിച്ച ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കിനാലൂർ എസ്റ്റേറ്റിലെ തൊഴിലാളി യൂണിയനുകളും മാനേജുമെന്റും തമ്മിൽ 2003-ലുണ്ടാക്കിയ കരാർപ്രകാരം പ്രസ്തുത എസ്റ്റേറ്റിലെ 600 ഏക്കർ സ്ഥലം

533 തൊഴിലാളികളുടെ പേരിൽ സർവ്വീസാനുകൂല്യമെന്നനിലയ്ക്ക് കൈമാറ്റം ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. ഭൂമിയുടെ രജിസ്ട്രേഷൻ സൗജന്യമായി ചെയ്തുനൽകുന്നതിന് സംയുക്ത ട്രേഡ് യൂണിയൻ സർക്കാരിൽ അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷയ്ക്കെതിരെ സമർപ്പിക്കപ്പെട്ട വാദഗതികൾ പരിഗണിച്ചശേഷം കൊയിലാണ്ടി താലൂക്ക് ലാന്റ് ബോർഡ് രജിസ്റ്റർ ചെയ്യാതെ അവശേഷിച്ചിട്ടുള്ള ഭൂമി രജിസ്റ്റർ ചെയ്ത് തൊഴിലാളികളുടെ പേരിൽ പോക്കുവരവ് ചെയ്ത് നൽകുന്നതിനും കിനാലൂർ എസ്റ്റേറ്റിൽനിന്ന് ഭൂമി വിലയ്ക്ക് വാങ്ങിയ തൊഴിലാളികളിൽനിന്ന് കരം സ്വീകരിച്ച് പോക്കുവരവ് ചെയ്യുന്നതിനും ജില്ലാകളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് 'വൺ എർത്ത് വൺ ലൈഫ് ' എന്ന സംഘടന കോടതിയെ സമീപിക്കുകയും കേരള ഭൂപരിഷ്കരണ നിയമത്തിലെ 87-ാം വകുപ്പുപ്രകാരം പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കോടതി താലൂക്ക് ലാൻഡ് ബോർഡിനോട് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

(3) സ്ഥലം ഏറ്റെടുക്കൽ

ശ്രീ. അനൂപ് ജേക്കബ്: മുളന്തുരുത്തി റെയിൽവേ മേൽപ്പാലം, കീഴ്മുറി കടവുപാലം എന്നിവയുടെ അപ്രോച്ച് റോഡുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കീഴ്മുറി കടവുപാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുപ്പിനുള്ള അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ച് സ്ഥലമെടുപ്പ് വേഗത്തിലാക്കാൻ നിർദ്ദേശം നൽകുന്നതാണ്. മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന് 58.85 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ആർ.ബി.ഡി.സി. മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിക്കുകയും സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി വില അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിരക്ക് അംഗീകരിച്ച് സമ്മതപത്രം നൽകിയവരുടെ ഭൂമി ഏറ്റെടുക്കുന്നതിനും അല്ലാത്തവരുടെ ഭൂമി റവന്യൂ റിക്കവറി നടപടിവഴി ഏറ്റെടുക്കുന്നതിനും പുതിയ അർത്ഥനാപത്രം ആർ.ബി.ഡി.സി.-ക്ക് ജില്ലാകളക്ടർ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ രണ്ടുമാസത്തിനകം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) നഷ്ടപരിഹാരം

ശ്രീ. പി. കെ. അബ്ദു റബ്ബ്: രൂക്ഷമായ കടലാക്രമണംമൂലം മത്സ്യത്തൊഴിലാളികൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും കടൽഭിത്തി, പുലിമുട്ട്, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കടലാക്രമണംമൂലമുള്ള തീരദേശശോഷണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ളതും കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായി ദുരന്തബാധിതർക്ക് ദുരിതാശ്വാസം അനുവദനീയവുമാണ്. 2019-ലെ കാലവർഷ/തുലാവർഷ മുന്നൊരുക്കൽ ദുരന്തപ്രതികരണ മാർഗ്ഗരേഖയിൽ ബന്ധപ്പെട്ട വകുപ്പുകളും കേന്ദ്ര സേനകളും ദുരന്തസാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ലുപയോഗിച്ചുള്ള പ്രത്യേക മതിൽനിർമ്മാണം നടത്തിവരുന്നുണ്ടെങ്കിലും കരിങ്കൽ ലഭ്യതയിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. കടലാക്രമണം രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സംരക്ഷണഭിത്തിയില്ലാത്ത

സ്ഥലങ്ങളിൽ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷനിൽനിന്ന് ഡിസൈൻ ലഭ്യമാക്കി കടൽഭിത്തിയും അനുബന്ധ സൗകര്യങ്ങളും ഒരുക്കിവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ തീരദേശ ജില്ലകളിലായി 78 കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾക്ക് 12.19 കോടി രൂപയുടെയും തീരസംരക്ഷണ പ്രവൃത്തികൾക്ക് 159.50 ലക്ഷം രൂപയുടെയും സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കടലാക്രമണ ഭീഷണി മുന്നിൽക്കണ്ട് ഊർജ്ജിതമായ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്.

(5) ഫെയർവാല്യൂ

ശ്രീ. റോജി എം. ജോൺ: അങ്കമാലി വില്ലേജിലെ ഫെയർ വാല്യൂവിലെ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): അങ്കമാലി വില്ലേജിലെ ഫെയർവാല്യൂ സമീപ ജില്ലകളെ അപേക്ഷിച്ച് കൂടുതലാണെങ്കിലും പല സ്ഥലങ്ങളിലും ഈ നിരക്കിലുള്ള ഫെയർവാല്യൂവാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് എറണാകുളം ജില്ലാകളക്ടർക്ക് ലഭിച്ച അപേക്ഷകളിന്മേൽ ഭൂരിഭാഗത്തിലും തീർപ്പുകൽപ്പിച്ചിട്ടുണ്ട്, ശേഷിക്കുന്നവയിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(6) <u>സബ് ഡിപ്പോയുടെ പ്രവർത്തനം</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സബ് ഡിപ്പോയ്ക്കായി പണിപൂർത്തിയാക്കിയ കെട്ടിടം അവശ്യം ജീവനക്കാരെ നിയമിച്ച് ജനോപകാരപ്രദമാക്കി മാറ്റുന്നത് സംബന്ധിച്ച് ആലോചിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ബസ് മാത്രം സർവ്വീസ് നടത്തുന്ന സെക്ടറുകളിൽ അവ പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(7) <u>ഹൈസ്കൂളിന് എയ്ഡഡ് പദവി</u>

<u>ശ്രീ. കെ. രാജൻ</u>: വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഹൈസ്കൂൾ എയ്ഡഡ് സ്കൂളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഹൈസ്കൂൾ അംഗീകാരമുള്ള സ്കൂളായാണ് പ്രവർത്തിച്ചുവരുന്നത്. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളുടെ പ്രിൻസിപ്പാൾ സർവ്വകലാശാല രജിസ്ട്രാറാണ്. ടി സ്കൂളിന് എയ്ഡഡ് പദവി നൽകുന്നത് നയപരമായ തീരുമാനമായതിനാൽ അക്കാര്യം പരിശോധിച്ചുവരികയാണ്.

(8) കടുവാസങ്കേതം

ശ്രീ. സി. കെ. ശശീന്ദ്രൻ: വയനാട് കടുവാസങ്കേതം സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കടുവ സംരക്ഷണ മേഖലയിൽ താമസിക്കുന്നവരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനാണ് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നത്. സംരക്ഷിത വനമേഖല കടുവാസങ്കേതമായി പ്രഖ്യാപിക്കുമ്പോൾ പുതുതായി യാതൊരു നിയന്ത്രണവും ഏർപ്പെടുത്തേണ്ടതില്ല. കടുവകളുടെ എണ്ണം കൂടുതലുള്ള വയനാട് പ്രദേശം കടുവാസങ്കേതമായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ദേശീയ കടുവ സംരക്ഷണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(9) അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

ശ്രീമതി പി. അയിഷാ പോറ്റി: കുളക്കട കമ്മ്യൂണിറ്റി സ്കിൽ പാർക്കിന് അനുവദിച്ച കോഴ്സുകൾ ആരംഭിക്കുന്നതിനും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും ഗവേണിംഗ് ബോഡിയിൽ എം.എൽ.എ.-മാരെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും

വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കുളക്കടയിൽ അനുവദിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റി 6 കോഴ്സുകൾക്ക് അംഗീകാരം നൽകിയിരുന്നു. ആവശ്യാനുസരണമുള്ള ലാബ് ഉപകരണങ്ങൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതിലെ കാലതാമസം കോഴ്സുകൾ ആരംഭിക്കുന്നത് വൈകാനിടയായതിനാൽ ലഭ്യമായ ലാബ് ഉപകരണങ്ങൾ സജ്ജീകരിച്ച് ജൂലൈ മാസത്തോടെ കുറച്ചു കോഴ്സുകൾ ആരംഭിക്കുന്നതും മറ്റ് കോഴ്സുകൾക്കാവശ്യമായ ലാബ് ഉപകരണങ്ങൾ ലഭിക്കുന്നമുറയ്ക്ക് ആരംഭിക്കുന്നതുമാണ്. ഗവേണിംഗ് ബോഡിയിൽ എം.എൽ.എ.-മാരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) സബ്സ്റ്റേഷൻ

ശ്രീ. വി ജോയി: വർക്കല നിയോജകമണ്ഡലത്തിലെ വിളക്കുളത്ത് നിർമ്മാണത്തിലിരിക്കുന്ന കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): വിളക്കുളത്തും പ്രാന്തപ്രദേശങ്ങളിലും നിരന്തരമുണ്ടാകുന്ന പവർക്കട്ടും വോൾട്ടേജ് ക്ഷാമവും പരിഹരിക്കാൻ വിഭാവന ചെയ്തിട്ടുള്ള വിളക്കുളം 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം 80 ശതമാനത്തിലധികം പൂർത്തിയാക്കിയിട്ടുണ്ട്.

വർക്കല സബ്സ്റ്റേഷൻ മുതൽ നടയറ സ്കൂൾവരെയുള്ള 18 കിലോമീറ്റർ ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കുകയും നടയറ മുതൽ പുന്നമൂട് റെയിൽക്രോസ് വരെയുള്ള ഭാഗത്ത് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തു. പുന്നമൂട് മുതൽ വിളക്കുളം സബ്സ്റ്റേഷൻ വരെയുള്ള 24 കിലോമീറ്ററിൽക്കൂടി ലൈൻ വലിക്കുന്ന പ്രവൃത്തി ആരംഭിച്ചപ്പോൾ 33 കെ.വി. കേബിളിടണമെന്ന ആവശ്യവുമായി നാട്ടുകാർ രംഗത്തുവരികയും പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവരികയും ചെയ്തു. ഓവർഹെഡ് ലൈനിനുപകരം കേബിളിടുന്നത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാലും നാട്ടുകാരുടെ ആവശ്യം കെ.എസ്.ഇ.ബി.-ക്ക് സ്വന്തം ചെലവിൽ നിർവ്വഹിക്കാൻ കഴിയാത്തതിനാലും പ്രശ്നം ജില്ലാ മജിസ്ട്രേറ്റിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്; പ്രശ്നം പരിഹരിച്ചാൽ നിർമ്മാണം പൂർത്തിയാക്കി സബ്സ്റ്റേഷൻ പ്രവർത്തനസജ്ജമാക്കുന്നതാണ്.

## IV ക്രമപ്രശ്നം

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എം. ഉമ്മർ: ഒരു പ്രത്യേക വിഷയത്തെ സംബന്ധിച്ച് ഒന്നിലധികം ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ഓർഡിനൻസ് Re-

promulgate ചെയ്യുന്നത് നിരുത്സാഹപ്പെടുത്തണമെന്ന് സുപ്രീം കോടതിപോലും നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭയിൽ ചർച്ച ചെയ്ത് നിയമനിർമ്മാണം നടത്തുകയെന്ന അടിസ്ഥാനതത്വത്തെ ബലികഴിക്കുകയാണ് ഓർഡിനൻസ് ഭരണത്തിലൂടെ ചെയ്യുന്നത്. ഓർഡിനൻസ് ലാപ്സായാലും സഭ അംഗീകരിച്ച് നൽകിയിട്ടുള്ള ചട്ടങ്ങൾക്ക് പ്രാബല്യമുണ്ടാകും. ഇക്കാര്യത്തിൽ വ്യക്തതയുണ്ടാകണം. ഇതുസംബന്ധിച്ച് റൂളിംഗ് നൽകണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഓർഡിനൻസുകൾ നിയമമാക്കാതെ നിയമസഭയെ നോക്കുകുത്തിയാക്കുന്നത് നിരന്തരമായി ആവർത്തിക്കപ്പെടുകയാണ്. ഓർഡിനൻസുകൾ ഇറക്കിയാൽ തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമമാക്കണമെന്നുണ്ടെങ്കിലും സർക്കാർ അതിന് തയ്യാറാകുന്നില്ല. ഇത് ഗുരുതരമായ ഭരണഘടനാ ലംഘനമാണ്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: ഭരണഘടനയനുസരിച്ച് അടിയന്തരഘട്ടങ്ങളിൽ ഓർഡിനൻസിറക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. സഭാസമ്മേളനം ഷെഡ്യൂൾ ചെയ്യുന്ന സമയത്ത് എത്ര ഓർഡിനൻസുകൾ നിയമമാക്കാമെന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കേണ്ടതാണ്. ബഡ്ജറ്റ് സമ്മേളനം കഴിഞ്ഞാൽ ബില്ലുകൾ നിയമമാക്കാൻവേണ്ടി ഒരു സമ്മേളനംകൂടി ചേരണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നിയമസഭ സമ്മേളിക്കാത്ത സാഹചര്യത്തിൽ അടിയന്തര നിയമനിർമ്മാണം ആവശ്യമായിവരുന്ന ഘട്ടത്തിലാണ് ഭരണഘടനാ അനുച്ഛേദം 213 പ്രകാരം ഗവർണർ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. ഓരോ നിയമസഭാ സമ്മേളനത്തിനും മുന്നോടിയായി ഔദ്യോഗിക നിയമനിർമ്മാണങ്ങളെ സംബന്ധിച്ച മുൻഗണനാപട്ടിക സർക്കാർ അംഗീകരിച്ച് സഭയിൽ കൈമാറാറുണ്ട്. ഓർഡിനൻസുകൾക്ക് പകരമുള്ള നിയമനിർമ്മാണത്തിനാണ് പ്രസ്തുത മുൻഗണനാക്രമത്തിൽ മുന്തിയ പരിഗണന നൽകുന്നത്. നിലവിലുള്ള ഓർഡിനൻസുകളിൽ ഭൂരിഭാഗവും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിയമനിർമ്മാണത്തിനുവേണ്ടി സഭാസമ്മേളനം വിളിച്ചുചേർക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. പെൻഡിംഗിലുള്ള ഓർഡിനൻസുകൾ അപ്ഡേറ്റാക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്. ഗവർണറുടെ അംഗീകാരം ലഭിച്ചിട്ടുള്ള വഖഫ് ബോർഡ് ഓർഡിനൻസിൽ ഭരണഘടനാ വിരുദ്ധമായ എന്തെങ്കിലുമുണ്ടെങ്കിൽ ബിൽ അവതരിപ്പിക്കുന്ന വേളയിൽ ചർച്ച ചെയ്യാവുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ഓർഡിനൻസുകൾ നിയമമാക്കുന്നതുമായി ബന്ധപ്പെട്ട് സഭയിൽ

ഉന്നയിക്കപ്പെട്ട രണ്ട് ക്രമപ്രശ്നങ്ങളും ഏറെ പ്രാധാന്യമുള്ളവയാണ്. ഓർഡിനൻസ് പുറപ്പെടുവിച്ചതിനാൽ ചട്ടം നിലനിൽക്കുമോയെന്ന സംശയത്തിന് യുക്തിയില്ല. അടിയന്തര സാഹചര്യങ്ങളിൽ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ കഴിയുന്നതും വേഗം നിയമമാക്കണമെന്നുതന്നെയാണ് സർക്കാരിന്റെ താൽപ്പര്യമെന്നും പ്രായോഗികമായ ചില വൈഷമ്യതകൾമൂലമാണ് ഓർഡിനൻസുകൾ നിയമമാക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. പതിനാലാം കേരള നിയമസഭ നിലവിൽ വന്നതിനുശേഷം 124 ഓർഡിനൻസുകൾ പുറപ്പെടുവിക്കപ്പെട്ടതായാണ് മനസ്സിലാക്കുന്നത്. അവശേഷിക്കുന്ന 15 ഓർഡിനൻസുകൾ ഒഴികെയുള്ളവയ്ക്ക് നിയമം നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്; ബാക്കിയുള്ളവ നിയമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിയമനിർമ്മാണത്തിന് മാത്രമായി പ്രത്യേക സമ്മേളനം ചേരാൻ സർക്കാർ മുൻകയ്യെടുക്കുമെന്നും അപ്പോൾ ഓർഡിനൻസുകൾക്ക് പകരമായി നിയമം നിർമ്മിക്കാൻ കഴിയുമെന്നും ചെയർ പ്രതീക്ഷിക്കുന്നു. സഭയുടെ അടുത്ത സമ്മേളനത്തിൽ അന്നുവരെയുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള ബില്ലുകൾ സഭയിൽ അവതരിപ്പിക്കുന്നതിനും അവ സമയബന്ധിതമായി നിയമമാക്കുന്നതിനുമുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന് റൂൾ ചെയ്യുന്നു.

## V ഗവൺമെന്റ് പ്രമേയം

<u>നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾ</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): ഇടനിലക്കാർ മുഖാന്തരമുള്ള ഭാഗ്യക്കുറികൾ കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ഭാഗ്യക്കുറിക്കൊള്ളയെ സംസ്ഥാനത്തുനിന്നും മാറ്റി നിർത്തുന്നതിന് കഴിഞ്ഞ കുറേ നാളുകളായി മാറിമാറി വരുന്ന സംസ്ഥാന സർക്കാരുകൾ കർശന നിലപാടുകളാണ് സ്വീകരിച്ചുപോരുന്നത്. ഭാഗ്യക്കുറി നിയന്ത്രണനിയമവും ചട്ടങ്ങളും നഗ്നമായി ലംഘിച്ച് നടത്തിവന്നിരുന്ന ഇടനിലക്കാർ വഴിയുള്ള ഇത്തരം ഭാഗ്യക്കുറികൾ ജനങ്ങളെ വല്ലാതെ അടിമപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിച്ചു പോന്നിരുന്നത്. ഇവയുടെ പ്രവർത്തനം തടഞ്ഞ്, കേരളത്തിലെ ജനങ്ങളെ ഈ കൊള്ളയിൽനിന്നും രക്ഷപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ആവശ്യം 2015 ആഗസ്റ്റിൽ കേന്ദ്ര സർക്കാരും അംഗീകരിച്ചു.

അന്യസംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിച്ച് നിർത്തുന്നതിനുതകുന്ന വ്യവസ്ഥകൾ ജി.എസ്.ടി. നിയമത്തിലും നിരക്കുകളിലും ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നു. എന്നാൽ ഇടനിലക്കാർ മുഖാന്തരമുള്ള ലോട്ടറി കച്ചവടത്തിന് കേരളത്തിലടക്കം യഥേഷ്ടം കടന്നുവരുന്നതിനുള്ള

നീക്കങ്ങളാണ് സമീപകാലത്തായി ജി.എസ്.ടി. കൗൺസിലിൽ നടക്കുന്നത്. സംസ്ഥാനം നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെയും ഇടനിലക്കാർ മുഖാന്തരം നടത്തുന്ന ഭാഗ്യക്കുറികളുടെയും ജി.എസ്.ടി. നിരക്ക് ഏകീകരിക്കുന്നതിനുള്ള നീക്കമാണ് ഇതിൽ പ്രധാനം. ഇവയുടെ വ്യത്യസ്ത നികുതി നിരക്കുകൾ ബഹുമാനപ്പെട്ട കൽക്കട്ട ഹൈക്കോടതി ശരിവച്ചതാണ്. ഇവ തമ്മിലുള്ള വേർതിരിവ് യുക്തിസഹമാണെന്നും ഭരണഘടനാ വിരുദ്ധമല്ലെന്നും കോടതി കണ്ടെത്തി. എന്നിട്ടും ഇടനിലക്കാർ മുഖാന്തരമുള്ള ഭാഗ്യക്കുറികളുടെ 28 ശതമാനം നികുതി നിരക്ക് കുറച്ച് സർക്കാർ നേരിട്ടു നടത്തുന്ന ഭാഗ്യക്കുറികളുടെ നിരക്കിന് സമാനമായി ഏകീകരിക്കാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കാൻ ഇടനിലക്കാർക്ക് അവസരം നൽകുമെന്നതിനാൽ ദുരുപദിഷ്ടമാണെന്ന് സഭ കരുതുന്നു.

ഈ നീക്കത്തിൽ കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ഭാഗ്യക്കുറി വിൽപ്പനക്കാരും ഏജന്റുമാരും പൊതുജനങ്ങളും അങ്ങേയറ്റം ഉത്കണ്ഠാകുലരാണ്.

ഇടനിലക്കാർ മുഖാന്തരം നടത്തുന്ന ഭാഗ്യക്കുറിയുടെ നികുതി കുറയ്ക്കുന്നത് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും വലിയ നികുതി നഷ്ടം വരുത്തിവയ്ക്കുക മാത്രമേ ചെയ്യുകയുള്ളൂ. ഇതിന്റെ ഗുണഭോക്താക്കൾ ഇടനിലക്കാരായ വൻകിട ഭാഗ്യക്കുറി നടത്തിപ്പുകാർ മാത്രമായിരിക്കും. ഇടനിലക്കാർ മുഖാന്തരം നടത്തുന്ന ഇതര

സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമലംഘനവും കൊള്ളയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും സി.ബി.ഐ.-യുമെല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

ഭാഗ്യക്കുറികൾ നടത്തുന്ന ഇതര സംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാറിലേർപ്പെടുന്ന ഏജന്റിന് മാത്രമേ മറ്റൊരു സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹതയുണ്ടാകൂവെന്ന് ഇരുപത്തിയെട്ടാമത് ജി.എസ്.ടി. കൗൺസിലിൽ വ്യക്തമായി തീരുമാനിച്ചിട്ടുണ്ട്. ഇതിനനുസൃതമായി ജി.എസ്.ടി. ചട്ടങ്ങളിൽ വ്യവസ്ഥകൾ കൊണ്ടുവരികയും ചെയ്തു. ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകളും ഇതാണ് അനുശാസിക്കുന്നത്. എന്നാൽ ഇതിന് വിഭിന്നമായി ഉപകരാറുകാരന് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നീക്കവും സജീവമാണ്.

ഇത്തരത്തിൽ ഇടനിലക്കാർ മുഖാന്തരം നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾക്ക് അനുഗുണമാകുന്ന ജി.എസ്.ടി. നിരക്ക് ഏകീകരണം, ഉപകരാറുകൾ നൽകാനുള്ള നീക്കം, സമ്മാനത്തുക കുറച്ചുള്ള വിലയിന്മേൽ മാത്രം നികുതി ഈടാക്കാനുള്ള നീക്കം എന്നിവ ഉപേക്ഷിക്കണമെന്നും ഭാഗ്യക്കുറിയുടെ ജി.എസ്.ടി. സംബന്ധമായ വിഷയങ്ങളിൽ തൽസ്ഥിതി തുടരണമെന്നും ഈ സഭ ജി.എസ്.ടി. കൗൺസിലിനോടും കേന്ദ്രസർക്കാരിനോടും ഇതിനാൽ അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ ചർച്ച ചെയ്തശേഷം ജി.എസ്.ടി. കൗൺസിലിന് അയച്ചുകൊടുക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിൽ, "ഏകീകരിക്കാനാണ് കൗൺസിലിൽ നീക്കം നടക്കുന്നത്" എന്നതിന് പകരം "ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കുവാൻ ഇടനിലക്കാർക്ക് അവസരം നൽകുമെന്നും ദുരുപദിഷ്ടമായ ഈ നീക്കം ഉപേക്ഷിക്കണമെന്നും സഭ അഭ്യർത്ഥിക്കുന്നു"എന്ന് ഭേദഗതി ചെയ്യേണ്ടതാണ് എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തെ ഗുരുതരമായി ബാധിക്കാവുന്ന ഒരു നീക്കമാണ് കേന്ദ്രതലത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരുകൾ നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും മറ്റ് ലോട്ടറികൾക്ക് 28 ശതമാനവുമാണ് ജി.എസ്.ടി.യായി നിശ്ചയിച്ചിരുന്നത്. അവ ഏകീകരിച്ചാൽ സംസ്ഥാനത്ത് വലിയ സാമ്പത്തിക

പ്രതിസന്ധിയുണ്ടാകും. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ പങ്ക് ലോട്ടറിയിൽ നിന്നാണ് ലഭിക്കുന്നത്. രണ്ടുതരം നികുതിയെന്നാരോപിച്ച് ലോട്ടറി നടത്തിപ്പുകാർ കൽക്കട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ ജി.എസ്.ടി. കൗൺസിലെടുത്ത തീരുമാനത്തിനാണ് ജുഡീഷ്യൽ അംഗീകാരം ലഭിച്ചത്. ഈ വിധിക്കെതിരെ കേന്ദ്ര സർക്കാരിൽ സ്വാധീനം ചെലുത്തി നികുതി ഏകീകരിക്കാൻ ലോട്ടറി നടത്തിപ്പുകാർ നടത്തിയ ശ്രമത്തിന്റെ ഫലമായാണ് പ്രസ്തുത തീരുമാനത്തിൽ മാറ്റം വരുത്തത്തക്ക നിലയിലുള്ള കേന്ദ്ര അഭിപ്രായം രൂപപ്പെട്ടിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റും ജി.എസ്.ടി. കൗൺസിലും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തീരുമാനത്തെ കേരള നിയമസഭ ഒറ്റക്കെട്ടായി എതിർക്കണം. ജി.എസ്.ടി. ഏകീകരിച്ചാൽ കേരള ലോട്ടറി തകർക്കപ്പെടുകയും അത് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ മരവിപ്പിക്കുകയും ആയിരക്കണക്കിന് കുടുംബങ്ങളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. ജി.എസ്.ടി. നിരക്ക് ഏകീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ഇതര സംസ്ഥാന ലോട്ടറി മാഫിയയെ സഹായിക്കുന്നതിനാണ്. സംസ്ഥാന സർക്കാർ നടത്തുന്ന ഭാഗ്യക്കുറി വിതരണത്തെയും പാവപ്പെട്ട ലോട്ടറിത്തൊഴിലാളികളെയും ഈ തീരുമാനം ദോഷകരമായി ബാധിക്കും. ഇതര സംസ്ഥാന ലോട്ടറികൾ സമ്മാനവിതരണത്തിൽ

ഉപഭോക്താക്കളെ കബളിപ്പിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സംസ്ഥാനതാല്പര്യത്തെ ഹനിക്കുന്ന കേന്ദ്ര സർക്കാർ നടപടിക്കെതിരെ ഒറ്റക്കെട്ടായി പ്രതികരിക്കണം.

ശ്രീ. സി. എഫ്. തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു. പ്രധാന വരുമാനമാർഗ്ഗമായ കേരള ലോട്ടറിയെ തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം അപലപനീയമാണ്. കാരുണ്യ പദ്ധതിയടക്കം ലോട്ടറി വരുമാനത്തിലൂടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളെ തകർക്കുന്ന നടപടിയിൽനിന്നും കേന്ദ്ര സർക്കാർ പിന്മാറണം.

ശ്രീ. പി. സി. ജോർജ്: ലോട്ടറി ചൂതാട്ടവും സാധാരണക്കാരെ ചൂഷണം ചെയ്യുന്നതുമായ സംവിധാനമാകയാൽ ലോട്ടറി കച്ചവടം അവസാനിപ്പിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തുന്ന സമീപനം അവസാനിപ്പിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: പ്രമേയത്തെ പിന്താങ്ങുന്നു. ലോട്ടറി മാഫിയയെ സഹായിക്കുന്ന നിലപാട് തിരുത്തി തൽസ്ഥിതി തുടരാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. വേണ്ടത്ര ചർച്ചകളില്ലാതെ ഈ വിഷയത്തിൽ തീരുമാനമെടുത്ത ജി.എസ്.ടി. കൗൺസിലിന്റെ നടപടി ജനാധിപത്യവിരുദ്ധമാണ്. സർക്കാരിന്റെ പ്രധാന വരുമാനസ്രോതസ്സായ സംസ്ഥാന ഭാഗ്യക്കുറിയെ തകർക്കുകയും ഇതര

സംസ്ഥാന ലോട്ടറി മാഫിയയെ സഹായിക്കുകയും ചെയ്യുന്ന കേന്ദ്ര നിലപാടിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പോരാടണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: പ്രമേയത്തെ പിന്താങ്ങുന്നു. ലോട്ടറിയുടെ ജി.എസ്.ടി. സംബന്ധിച്ച കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ ലോട്ടറി തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതാണ്. കേരളത്തിലെ ലോട്ടറിക്ക് 12 ശതമാനം നികുതിയും അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വില്പന നടത്തുമ്പോൾ 28 ശതമാനം നികുതിയും ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചതാണ്. ചിട്ടയായ പ്രവർത്തനം നടക്കുന്ന ഈ മേഖലയിൽ നികുതി ഏകീകരണം കൊണ്ടുവന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനത്തെ തകർക്കാനും ലോട്ടറി മാഫിയയെ സംരക്ഷിക്കാനുമുള്ള നിലപാടിനെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കണം.

ശ്രീ. വി. ഡി. സതീശൻ: പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ഭാഗ്യക്കുറിക്കൊള്ളയെ സംസ്ഥാനത്തുനിന്നും മാറ്റി നിർത്തുന്നതിന് മാറിമാറി വന്ന സംസ്ഥാന സർക്കാരുകൾ കർശന നിലപാടുകളാണ് സ്വീകരിച്ചുവന്നത്. സംസ്ഥാന ഗവൺമെന്റിന്റെ നിരീക്ഷണത്തിൽ നടക്കുന്ന ലോട്ടറിവരുമാനം വികസനപരമായ പദ്ധതികൾക്കും കാരുണ്യ പ്രവർത്തനങ്ങൾക്കുമാണ് ചെലവഴിക്കപ്പെടുന്നത്. സംസ്ഥാന ലോട്ടറിക്ക് 12

ശതമാനവും ഇതരസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപ്പന നടത്തുമ്പോൾ 28 ശതമാനവും നികുതിയാണ് ജി.എസ്.ടി. കൗൺസിലിൽ ആദ്യം തീരമാനിച്ചതെങ്കിലും പിന്നീടത് മാറ്റാനുള്ള തീരുമാനമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. ലോട്ടറി മാഫിയയെ സഹായിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിൽ നിരോധിച്ചതിലൂടെ സംസ്ഥാന ലോട്ടറിയുടെ ടേൺ ഓവർ 12,000 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. കേരള ലോട്ടറിയെ ശക്തിപ്പെടുത്തുന്നതിന് ലോട്ടറി വിൽപ്പനയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ടിക്കറ്റ് വിതരണം, സമ്മാനഘടന എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു. ഇരുപത്തിയെട്ടാമത് ജി.എസ്.ടി കൗൺസിലിന്റെ തീരുമാനങ്ങളെ അട്ടിമറിക്കാനുള്ള ശ്രമത്തെ എതിർക്കണം. ലോട്ടറി മാഫിയയെ സഹായിക്കാനുള്ള നീക്കങ്ങളാണ് ജി.എസ്.ടി. കൗൺസിലിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇതര സംസ്ഥാന ലോട്ടറിയുടെയും സംസ്ഥാന ലോട്ടറിയുടെയും നികുതി ഏകീകരിക്കണമെന്നുള്ള ജി.എസ്.ടി. കൗൺസിലിന്റെ വാദം അംഗീകരിക്കാൻ കഴിയുന്നതല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഇതര സംസ്ഥാന ലോട്ടറിയുടെയും സംസ്ഥാന ലോട്ടറിയുടെയും നികുതി ഏകീകരിക്കുന്ന കാര്യത്തിൽ കേരളത്തിന്റെ പൊതുവികാരം ദേശീയതലത്തിൽ പ്രതിഫലിപ്പിക്കാൻ വേണ്ടിയാണ് ഇത്തരമൊരു പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ലോട്ടറി ടിക്കറ്റുകളുടെ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും താഴെത്തട്ടിലുള്ള സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമ്മാനമായി കൊടുത്തുകൊണ്ടിരുന്ന തുക 48 ശതമാനമായും ഏജന്റുമാരുടെ സമ്മാനത്തുക 52 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2010 മുതൽ കേരളത്തിൽ നിർത്തലാക്കിയ ഇതര സംസ്ഥാന ലോട്ടറിവിൽപ്പന പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന് യോജിപ്പുള്ള കാര്യങ്ങൾ അട്ടിമറിക്കുന്ന നടപടിയാണ് ജി.എസ്.ടി കൗൺസിലിൽ നടന്നുകൊണ്ടിരിക്കുന്നത്. നികുതി പിരിക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിക്കാൻ മാത്രം അധികാരമുള്ള ജി.എസ്.ടി കൗൺസിൽ സംസ്ഥാനങ്ങളുടെ അധികാരത്തിൽ ഇടപെടുന്നതിനെ നിയമപരമായി ചോദ്യം ചെയ്യേണ്ടിവരും. ഭാഗ്യക്കുറി നടത്തുന്ന ഇതരസംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാറിലേർപ്പെടുന്ന ഏജന്റിനുമാത്രമേ മറ്റൊരു സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹതയുണ്ടാകുവെന്ന് കൗൺസിൽ

തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. ചട്ടങ്ങളിൽ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്. ഉപകരാറുകൾ നൽകാനുള്ള നീക്കവും സമ്മാനത്തുക കുറച്ചുള്ള വിലയിന്മേൽ മാത്രം നികുതി ഈടാക്കാനുള്ള നീക്കവും അംഗീകരിക്കില്ല. നികുതി നിരക്ക് ഏകീകരിക്കാനുള്ള കൗൺസിലിന്റെ തീരുമാനത്തെ ഒറ്റക്കെട്ടായി എതിർക്കണം. ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു.

പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിൽ,

" ഏകീകരിക്കാനാണ് കൗൺസിലിൽ നീക്കം നടക്കുന്നത് " എന്നതിന് പകരം" ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കുവാൻ ഇടനിലക്കാർക്ക് അവസരം നൽകുന്നതിനാൽ ദുരുപദിഷ്ടമാണെന്ന് സഭ കരുതുന്നു." എന്ന് കൂട്ടിച്ചേർക്കണം.

"2015-ൽ കേന്ദ്ര സർക്കാരും അംഗീകരിച്ചു."- 2015 എന്നുള്ളത് സ്പഷ്ടീകരിക്കുകയാണ്.

ഭേദഗതിയോടുകൂടിയ ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VI ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII -സഹകരണം (380,83,37,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം (293,71,91,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിനോദസഞ്ചാര മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. ടൂറിസം

പാക്കേജിന്റെ ഭാഗമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിൻ ഗതാഗതം സാധ്യമാക്കുന്നതിനും ടൂറിസം ഇൻഫർമേഷൻ സെന്ററുകളിൽ ഗൈഡുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. പഴനി, കുറ്റാലം, വേളാങ്കണ്ണി തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട താമസസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഇടപെടലുണ്ടാകണം. മൂന്നാറിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനും റോപ്‌വേയും ട്രെയിനും പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. പ്രാഥമിക സഹകരണസംഘങ്ങളിൽനിന്ന് വായ്പ എടുത്തവരെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കണം. സഹകരണ/വിനോദസഞ്ചാര മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗവൺമെന്റിന്റെ തെറ്റായ സമീപനംമൂലം സഹകരണമേഖല തകർച്ചയെ നേരിടുകയാണ്. അട്ടിമറിയിലൂടെ സഹകരണസംഘങ്ങൾ പിടിച്ചെടുക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സംഘത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നിയമഭേദഗതി കൊണ്ടുവരാനോ സഹകരണസംഘങ്ങൾക്ക് ലഭിക്കേണ്ട

ആനുകൂല്യങ്ങൾ ലഭ്യമാക്കാനോ റിസ്ക് ഫണ്ട് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനോ ഗവൺമെന്റിന് സാധിക്കുന്നില്ല. ഇ.എം.എസ്. ഭവനവായ്പക്ക് ഗവൺമെന്റ് നൽകേണ്ട പലിശ സംഘങ്ങൾക്ക് നൽകുന്നില്ല. സഹകരണ മേഖലയിലെ വ്യാപകമായ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും അന്വേഷിക്കാനും പ്രസ്തുത മേഖല നേരിടുന്ന ജനാധിപത്യ ധ്വംസനം അവസാനിപ്പിക്കാനും സംഘങ്ങളെ സഹായിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എൽദോ എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ സഹകരണമേഖലയിൽ വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം സഹകരണമേഖല ഏറ്റെടുത്തതും കൺസ്യൂമർ ഫെഡിനെ ലാഭത്തിലാക്കാൻ സാധിച്ചതും പ്രളയത്തെത്തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് അവ നിർമ്മിച്ചുനൽകാൻ തീരുമാനിച്ചതും ആധുനിക ബാങ്ക് എന്ന സങ്കല്പം കേരള ബാങ്കിലൂടെ സാധ്യമാക്കാൻ നടപടി സ്വീകരിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. വിനോദസഞ്ചാരനയം പ്രഖ്യാപിച്ചതും ഉത്തരവാദിത്വ ടൂറിസം മിഷൻവഴി നിരവധി പേർക്ക് തൊഴിൽ നൽകാൻ സാധിച്ചതും സ്വാഗതാർഹമാണ്. കെ.റ്റി.ഡി.സി.-യുടെ നിലവാരം ഉയർത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യയിലൂടെ ടൂറിസം മേഖലയിലെ മാലിന്യ സംസ്കരണം നടപ്പാക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ

ടൂറിസവുമായി ബന്ധപ്പെട്ട ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അബ്ദുൽ ഹമീദ് പി.: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ മേഖലയിലെ അപ്പെക്സ് ബോഡികളിൽ ഭരണ സമിതികളില്ലാത്തത് ഈ മേഖലയിലെ പുരോഗതിക്ക് തടസ്സമാകുന്നുണ്ട്. സഹകരണ മേഖലയിലെ നിക്ഷേപം നവകേരള നിർമ്മിതിക്ക് പ്രയോജനപ്പെടുത്താനാകുമോയെന്ന് പരിശോധിക്കണം. കേരള ബാങ്ക് രൂപീകരണത്തിൽ റിസർവ് ബാങ്കും നബാർഡും നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്നും ആരോഗ്യ സുരക്ഷാ പദ്ധതിയിൽനിന്നും സഹകരണ മേഖലയിലെ ജീവനക്കാരെ ഒഴിവാക്കിയ നടപടിയും പുന:പരിശോധിക്കണം. വ്യോമഗതാഗതത്തിലുള്ള സഹകരണ മേഖലയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താനുള്ള നടപടിയുണ്ടാകണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ കുറവ് പരിഹരിക്കുന്നതിനായി പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ സ്പെഷ്യൽ പാക്കേജിലുൾപ്പെടുത്തി നവീകരിക്കുന്നതിനും ഈ മേഖലയിലെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. വിനോദസഞ്ചാര മേഖലയിൽ സൗഹൃദസാമൂഹ്യാന്തരീഷം സൃഷ്ടിക്കുന്നതിന് സാധിക്കണം. തെരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങൾ

വികസിപ്പിക്കുന്നതിനും സ്വകാര്യനിക്ഷേപ മൂലധന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക-മലയോര വിനോദസഞ്ചാര പദ്ധതി ആവിഷ്കരിക്കുന്നതിനും ജലാശയ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും റിസ്ക് ഫണ്ട് സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിനോദസഞ്ചാര നയം പ്രഖ്യാപിച്ച സർക്കാർ തീരുമാനം അഭിനന്ദനാർഹമാണ്. വിനോദസഞ്ചാര മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും ടൂറിസ്റ്റ് ഗൈഡുകൾക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. കെ.ടി.ഡി.സി.-യുടെ ഹോട്ടലുകൾ കാര്യക്ഷമമാക്കുന്നതിനും പ്രധാന നഗരങ്ങളിൽ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കോഴിക്കോട് ജില്ലയെ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തുന്നതിനും അടിസ്ഥാന, ക്ഷേത്ര, നാടൻ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനും ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കൺസോർഷ്യം

രൂപീകരിക്കുന്നതിനും തീരുമാനമെടുക്കണം. ബാലുശ്ശേരി മണ്ഡലത്തിലെ തോണിക്കടവ്, കക്കയം ടൂറിസം കോറിഡോർ തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കണം. കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ച മൈക്രോ ഫിനാൻസ് പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനും സത്വര നടപടിയുണ്ടാകണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ ടൂറിസം സോണുകളിലെ വികസന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനും ഉദ്യോഗസ്ഥതലത്തിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും ടൂറിസം പദ്ധതികൾക്ക് ചെലവഴിക്കുന്ന ഫണ്ട് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം. ഹൈഡൽ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുകയും വണ്ടിപ്പെരിയാർ ഫാം ടൂറിസം പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുകയും വേണം. പാഞ്ചാലിമേട്ടിൽ ടൂറിസ്റ്റുകൾക്കായി ബഡ്ജറ്റ് ഹോട്ടലുകളും വണ്ടിപ്പെരിയാർ സത്രം വൈൽഡ് ഗ്യാലറിയിൽ സന്ദർശകർക്ക് മികച്ച സേവനങ്ങളും ലഭ്യമാക്കണം. അന്ധകാരനഴിയുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കാനും ടൂറിസം സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ വകുപ്പുകൾ തമ്മിൽ

ഏകോപനമുണ്ടാക്കാനും ടൂറിസവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ ആദായ നികുതിയുടെ കടന്നുവരവും കേന്ദ്ര ആക്ടിന്റെ മറവിൽ ക്രെഡിറ്റ് സംഘങ്ങൾ രൂപീകരിക്കുന്നതും സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കും. ഇ.എം.എസ്. ഭവന പദ്ധതിക്ക് സംഭാവന നൽകിയതും പ്രളയബാധിത പ്രദേശങ്ങളിൽ വീടുകൾ നിർമ്മിച്ച് നൽകിയതും 'മുറ്റത്തെ മുല്ല' പദ്ധതി സംസ്ഥാന വ്യാപകമാക്കാനുള്ള തീരുമാനവും സഹകരണ പ്രസ്ഥാനത്തിന്റെ സഹായത്തോടെ പാലക്കാട് ജില്ലയിൽ മോഡേൺ റൈസ് പാർക്ക് സ്ഥാപിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മുടങ്ങിക്കിടന്ന പെൻഷൻ കൊടുത്തുതീർത്തതും സർഫാസി നിയമം സഹകരണ ബാങ്കുകൾക്ക് ബാധകമാക്കാതെ കർഷക കടാശ്വാസ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് 2 ലക്ഷം രൂപവരെയുള്ള കാർഷിക കടം എഴുതിത്തള്ളാനാവശ്യമായ ഇടപെടൽ നടത്തിയതും സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ ബാങ്കുകളെയും സംയോജിപ്പിച്ച് സംസ്ഥാനതല ബാങ്ക് ആരംഭിക്കുമെന്ന തീരുമാനവും സ്വാഗതാർഹമാണ്. വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിലും വരുമാനത്തിലുമുള്ള വർദ്ധനവ് ആശാവഹമാണ്.

പറമ്പിക്കുളം- നെല്ലിയാമ്പതി ഉൾപ്പെടുന്ന പ്രദേശങ്ങളെ സംയോജിപ്പിച്ച് ഒരു ടൂറിസം പാക്കേജ് പ്രഖ്യാപിക്കണം. വർഷങ്ങൾക്കുമുമ്പ് ടൂറിസം വകുപ്പിന് കൈമാറിയ നെല്ലിയാമ്പതിയിലെ ഭൂമിയിൽ സ്വകാര്യവ്യക്തികളുടെ പങ്കാളിത്തത്തോടെ ടൂറിസ്റ്റ് ഹോം സ്ഥാപിക്കണം.

ശ്രീ. പി. സി. ജോർജ്: ഭൂമിയിടപാട്, കമ്പ്യൂട്ടറൈസേഷൻ, ട്രെയിനിംഗ് സെന്ററിന്റെ നവീകരണം എന്നിവയിലൂടെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് നടത്തിയ കോടിക്കണക്കിന് രൂപയുടെ അഴിമതി പുറത്തുകൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ടൂറിസം ഗൈഡുകൾക്കാവശ്യമായ പരിശീലനം നൽകുന്നതിന് കോഴ്സുകൾ ആരംഭിക്കുകയും ചെയ്യണം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അപൂർവ്വമായ ആഭരണശേഖരം പ്രദർശിപ്പിക്കുന്നതിന് ക്ഷേത്രാങ്കണത്തിൽ ആധുനിക സുരക്ഷാ സംവിധാനത്തോടെയുള്ള മ്യൂസിയം സജ്ജമാക്കണം. പിൽഗ്രിം ടൂറിസത്തോടൊപ്പം പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിക്കണം. കൺസ്യൂമർ ഫെഡിനെ ശക്തിപ്പെടുത്തണം. വിമാന സർവ്വീസ് തുടങ്ങുന്നതിനായി പൊതുജനങ്ങളിൽനിന്ന് പണം സമാഹരിക്കുന്നതിന്

'ലാഡർ' എന്ന  സ്ഥാപനത്തിന് സഹകരണ വകുപ്പിന്റെ അനുമതിയുണ്ടോയെന്ന് വ്യക്തമാക്കണം.

ശ്രീ. വി. ജോയി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയാനന്തര പുനർനിർമ്മാണവും ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കലുമടക്കമുള്ള ധാരാളം പുതിയ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതി പ്രവർത്തനവും കേരള ബാങ്ക് രൂപീകരണവും പ്രശംസനീയമാണ്. സഹകരണ മേഖലയിലെ അഴിമതി അവസാനിപ്പിക്കുന്നതിനും ടൂറിസംരംഗത്ത് വരുമാന വർദ്ധനവുണ്ടാക്കുന്നതിനും  സാധിച്ചിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാർ നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം, ശക്തമായ വിപണി ഇടപെടൽ, നോട്ട് നിരോധനത്തെത്തുടർന്ന് പ്രതിസന്ധിയിലായ സഹകരണ മേഖലയുടെ അതിജീവനത്തിനും സംരക്ഷണത്തിനുമുള്ള പ്രവർത്തനങ്ങൾ, സഹകരണ വായ്പകളിൽ ജപ്തി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കൽ എന്നിവ പ്രശംസനീയമാണ്. സഹകരണ അക്കാദമിയെ മികവിന്റെ കേന്ദ്രമാക്കാൻ സാധിച്ച നടപടി സ്വാഗതാർഹമാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് അന്താരാഷ്ട്ര/ദേശീയ തലങ്ങളിൽ പുരസ്കാരങ്ങൾ നേടാൻ സാധിച്ചത് ശ്ലാഘനീയമാണ്. ജടായുപാറ ടൂറിസം പദ്ധതി നടപ്പാക്കിയതിലൂടെ ടൂറിസം രംഗത്ത്

അഭിമാനകരമായ നേട്ടമാണ് കേരളം കൈവരിച്ചത്. മലബാർ റിവർ ക്രൂയിസ് പദ്ധതിക്ക് തുടക്കം കുറിക്കാനും ഗുരുവായൂർ ക്ഷേത്രത്തോടനുബന്ധിച്ച് 'പ്രസാദം' പദ്ധതി നടപ്പിലാക്കാനും ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിൽ ഭക്തർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും ചെമ്പഴന്തി ശ്രീനാരായണഗുരുകുലത്തിൽ 10 കോടി രൂപ ചെലവിൽ പുതിയ കൺവെൻഷൻ സെന്ററിനുള്ള ശിലാസ്ഥാപനം നടത്താനും സർക്കാരിന് സാധിച്ചു. ടൂറിസം രംഗത്തെ ന്യൂനതകൾ പരിഹരിച്ച് സംസ്ഥാന വികസനത്തിന് ടൂറിസത്തെ ഒരാശയമായി ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കേണ്ടത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുള്ള ഗൂഢശ്രമങ്ങളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്നത്. ബാങ്കുകളുടെ പ്രവൃത്തിദിനം ഏകീകരിച്ചതും സഹകാരികളുമായി ചർച്ച നടത്താതെ ഏകപക്ഷീയമായി കേരള ബാങ്ക് രൂപീകരിക്കാൻ തീരുമാനിച്ചതും പുനഃപരിശോധിക്കണം. ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതി പിരിച്ചുവിട്ടതും പിൻവാതിൽ നിയമനം നടത്താനുള്ള നീക്കവും പ്രതിഷേധാർഹമാണ്. കോൺക്രീറ്റ് നിർമ്മാണങ്ങൾ കുറച്ച് പരിസ്ഥിതി സൗഹൃദമായ പദ്ധതികൾ ആരംഭിക്കാനും മലപ്പുറംജില്ലയിലെ മിനി ഊട്ടി കേന്ദ്രീകരിച്ച് കൂടുതൽ ടൂറിസം പദ്ധതികൾ നടപ്പാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സഹകരണ മേഖലയുടെ പരിഷ്കരണത്തിനും പുരോഗതിക്കുമായി ഒട്ടേറെ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് കേരള ബാങ്ക് രൂപീകരിക്കാനുള്ള തീരുമാനമെടുത്തത്. തകർച്ചയുടെ വക്കിലായിരുന്ന കൺസ്യൂമർ ഫെഡിനെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചതും 'കെയർ കേരള' പദ്ധതിയുടെ ഭാഗമായി പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ച് നൽകാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് മാതൃക സഹകരണ മേഖലയിൽ കാർഷിക രംഗത്ത് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം. സഹകരണ മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കാനും ന്യൂ ജനറേഷൻ ബാങ്കുകൾ നൽകുന്ന സേവനങ്ങൾ ഉറപ്പുവരുത്താനും കഴിയണം. ആധുനിക ബാങ്കിംഗ് രീതികൾ സഹകരണ മേഖലയിൽ കൊണ്ടുവരണം. അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി മൂന്നാറിൽ മൗണ്ടനെയറിംഗ് അക്കാഡമി ആരംഭിക്കണം. ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്നവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള 'ഗ്രീൻ കാർപ്പെറ്റ്' പദ്ധതി ആരംഭിക്കാനും ടൂറിസം മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന് രൂപം നൽകാനും കഴിഞ്ഞിട്ടുണ്ട്. മൺവിളയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ്

സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വയംഭരണ പദവി നൽകിയ നടപടി സ്വാഗതാർഹമാണ്. സഹകരണ മേഖലയിലെ പ്രൈമറി സംഘങ്ങളുടെ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് പുന:പരിശോധന നടത്തണം. സഹകരണ മേഖലയിൽ യൂണിവേഴ്സിറ്റി ആരംഭിക്കാനും സഹകരണ ബാങ്കുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനും ഈ മേഖലയിലെ അഴിമതി കുറയ്ക്കാൻ ഓരോ ജില്ലയിലും ഓഡിറ്റിംഗിന് പ്രത്യേക വിംഗ് ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ സഹകരണ മേഖലയുടെ പ്രവർത്തനം നിരാശാജനകമായിരുന്നു. കേരള ബാങ്ക് പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തണം. ടൂറിസം മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അതിജീവിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ പരിസ്ഥിതിക്കനുയോജ്യമായ പദ്ധതികൾ നടപ്പാക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സംസ്ഥാനത്തിന്റെ വികസനത്തിനും മാറ്റത്തിനുമുതകുന്ന പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കാൻ സഹകരണ-ടൂറിസം വകുപ്പുകൾക്ക് സാധിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി കെയർ ഹോം പദ്ധതിയിലൂടെ 2000 വീടുകളുടെ

നിർമ്മാണച്ചുമതല ഏറ്റെടുക്കുകയും 1250-ലധികം വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ജൂൺ അവസാനത്തോടെ മുഴുവൻ വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് കൈമാറുന്നതാണ്. കെയർ ഹോം പദ്ധതിയുടെ അടുത്തഘട്ടമായി ഭൂരഹിത/ഭവനരഹിതർക്കായി രണ്ടായിരം ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 14 ജില്ലകളിലും സ്ഥലം കണ്ടെത്തുകയും ഒരു വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. കുടുംബശ്രീയുമായി ചേർന്ന് പ്രളയബാധിതർക്കായി 379.80 കോടി രൂപ പലിശരഹിത വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. നോട്ട് നിരോധനംമൂലമുണ്ടായ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. സഹകരണ റിസ്ക് ഫണ്ട് ബോർഡിന്റെ പ്രവർത്തനഫലമായി ഈ സർക്കാർ 26000-ത്തിലധികം പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ 'മുറ്റത്തെ മുല്ല' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്താദ്യമായി ഒരു സഹകരണനയം രൂപീകരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ സഹായത്തോടെ ക്ഷേമ പെൻഷനുകൾ വീടുകളിലെത്തിക്കുന്നതിനും കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ഏറ്റെടുക്കുന്നതിനും ട്രാൻസ്ജെൻഡേഴ്സ് സഹകരണ സംഘം രൂപീകരിക്കുന്നതിനും ഹരിതം സഹകരണ പദ്ധതി നടപ്പാക്കുന്നതിനും അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി ആരംഭിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന

കൺസ്യൂമർ ഫെഡിനെ ലാഭത്തിലാക്കാനും 500-ഓളം സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ഫെഡറേഷൻ മുഖേന ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. മാരകരോഗങ്ങൾ ബാധിച്ച പാവപ്പെട്ടവർക്ക് നീതി മെഡിക്കൽ സ്റ്റോറുകളിൽനിന്നും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കാനുള്ള പദ്ധതി നടപ്പാക്കുന്നതാണ്. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മുൻസർക്കാരിന്റെ കാലത്തെ ഇ.എം.എസ്. ഭവനവായ്പാ കുടിശ്ശിക തീർക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണത്തിൽ നിന്നും വിട്ടുനിൽക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ യോജിപ്പിച്ച് കൊണ്ടുപോകുന്നതിനും തുടർനടപടി സ്വീകരിക്കുന്നതാണ്. 'ലാഡർ'-ന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. പ്രളയവുമായി ബന്ധപ്പെട്ട് കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും നെൽകർഷകരെ സഹായിക്കുന്നതിനായി പാലക്കാട് ആധുനിക നെൽ സംഭരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ സ്വന്തം നിലയിലും കൺസോർഷ്യം അടിസ്ഥാനത്തിലും ചെറുകിട സംരംഭങ്ങൾ ആരംഭിച്ച് ഉൽപ്പന്നങ്ങൾ സഹകരണ മാർക്കറ്റിലൂടെ വിറ്റഴിക്കുന്നതിന് സംവിധാനമേർപ്പെടുത്തും. കാർഷിക-ചെറുകിട വ്യവസായ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സാമ്പത്തിക ഭദ്രതയുള്ള

സംഘങ്ങൾക്ക് സ്വന്തംനിലയിൽ സബ്സിഡിയറി സംരംഭങ്ങൾ തുടങ്ങുന്നതിനും അനുമതി നൽകും. മാലിന്യ സംസ്കരണരംഗത്ത് സഹകരണ സംഘങ്ങൾ മുഖേന പദ്ധതികൾ തയ്യാറാക്കുന്നതിനും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സഹകരണ നിയമവും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും.

ആലപ്പുഴ ഹെറിറ്റേജ് പദ്ധതിക്ക് കിഫ്ബി മുഖേന അംഗീകാരം നൽകുകയും 30 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ടൂറിസം പദ്ധതികൾക്കായി 245 കോടി രൂപ കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പിലാക്കുന്നതാണ്. ജടായുപാറ പദ്ധതിയുടെ ഒന്നുംരണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് വിദേശ ഭാഷയിൽക്കൂടി പരിഭാഷപ്പെടുത്തുന്നതിനും വെബ്സൈറ്റ് സന്ദർശിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കുകയും ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതാണ്. ചാല മാർക്കറ്റ് പുനരുദ്ധാരണ പദ്ധതിയും ശംഖുംമുഖം ബീച്ച് വികസന പ്രവർത്തനങ്ങളും യാഥാർത്ഥ്യമാക്കും. കനകക്കുന്ന് കൊട്ടാരത്തിലെ ഡിജിറ്റൽ മ്യൂസിയം സംരക്ഷണ പദ്ധതികൾക്കും

വേളിയിലെ വിവിധ ടൂറിസം പദ്ധതികൾക്കും വർക്കല ബീച്ച് ടൂറിസം വികസനത്തിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെന്റർ പാലക്കാട് ആരംഭിക്കുകയും വിനോദസഞ്ചാര വകുപ്പിലെ ലൈഫ് ഗാർഡുകൾക്ക് ദിനംപ്രതി 100 രൂപ റിസ്ക് അലവൻസും ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തുകയും ഉത്തര മലബാറിൽ ചെറുകിട-ഇടത്തരം ടൂറിസം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 'സ്മൈൽ പദ്ധതി' നടപ്പാക്കുകയും ചെയ്തു. തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ അഡ്വഞ്ചർ ടൂറിസം അക്കാദമി ഈ വർഷം ആരംഭിക്കുന്നതാണ്. ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും 'മിയാവാക്കി ചെറുവനങ്ങൾ' വച്ചുപിടിപ്പിക്കുന്നതാണ്. മൂന്നാർ, വയനാട് മേഖലകളിൽ വിനോദസഞ്ചാരികൾക്കായി റോപ്പ് വേ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം ഈ വർഷം നടത്തുന്നതാണ്. ധർമ്മടം, മുഴപ്പിലങ്ങാട് കടൽത്തീരങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ആശ്രാമത്ത് മിനിയേച്ചർ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനും വർക്കല ഹരിഹരപുരത്ത് ഹൗസ് ബോട്ട് സർവ്വീസ്

ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആഭരണശേഖരം പ്രദർശിപ്പിക്കുന്നതിന് മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സുപ്രീംകോടതിയുടെ അനുമതിക്ക് വിധേയമായി തീരുമാനമെടുക്കുന്നതാണ്. ടൂറിസം ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.റ്റി.പി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കുറ്റാലം കൊട്ടാരത്തിന്റെ നടത്തിപ്പവകാശം കെ.റ്റി.ഡി.സി.-ക്ക് ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനും വകുപ്പുമന്ത്രിമാർ അംഗങ്ങളായും സമിതി രൂപീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും 31-നെതിരെ 76 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 6.30-ന് പിരിഞ്ഞു.